# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 1639

05.12.2014 ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്ക് തുക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |

(എ) ന്യൂനപക്ഷ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ ; 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ ന്യൂനപക്ഷ ജനവിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്;

(എ) മത ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസവും, സാമൂഹികവും, സാമ്പത്തികവുമായ പിന്നാക്കാവസ്ഥ പരിഹരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് സഹായകമായ പദ്ധതികൾ / പ്രവർത്തനങ്ങളാണ് വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്.

മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി, മദ്രസ്സാദ്ധ്യാപകരുടെ പെൺമക്കൾക്കായുള്ള വിവാഹ ധനസഹായ പദ്ധതി, അഭ്യസ്ത വിദ്യരായ ഉദ്യോഗാർത്ഥികൾക്കുള്ള സൗജന്യ മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുള്ള സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് എന്നീ തുടർ പദ്ധതികൾക്ക് പുറമെ അതത് വർഷം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന പദ്ധതികളും നടപ്പാക്കി വരുന്നു. നടപ്പ് വർഷം താഴെ ചേർത്ത പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി
2. സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്
3. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി
4. ദ്വിവൽസര ഐ.റ്റി.സി കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ-റീഇംബേഴ്സ്മെന്റ് സ്കീം.
5. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്
6. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക്/ വിവാഹ മോചിതർക്ക് /ഉപേക്ഷിക്കപ്പെട്ടവർക്ക് ഭവന പദ്ധതി
7. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി.(എം.എസ്.ഡി.പി)
8. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഷെയർ ക്യാപിറ്റൽ നൽകുന്ന പദ്ധതി.

2011 –12, 2012–13, 2013–14 സാമ്പത്തിക വർഷങ്ങളിൽ ന്യൂനപക്ഷ ജനവിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്ക് നീക്കിവെച്ചിട്ടുള്ള തുക വിവരം ചുവടെ ചേർക്കുന്നു.

| 2011-12 (രൂപ കോടിയിൽ) | 2012-13 (രൂപ കോടിയിൽ) | 2013-14 (രൂപ കോടിയിൽ) |
|---|---|---|
| NIL (പ്ലാൻ)<br>14.1407<br>(നോൺപ്ലാൻ) | 78.699 (പ്ലാൻ)<br>13.8497<br>(നോൺ പ്ലാൻ) | 103 (പ്ലാൻ)<br>23.5036<br>(നോൺപ്ലാൻ) |
| ആകെ | ആകെ | ആകെ |
| **14.1407** | **92.5487** | **126.5036** |

മുൻസർക്കാരിന്റെ കാലത്ത് പദ്ധതി വിഹിതം ലഭിച്ചിരുന്നില്ല.

(ബി) മുൻസർക്കാരിന്റെ കാലത്ത് 2010-11 സാമ്പത്തിക വർഷം എത്ര രൂപയാണ് ന്യൂനപക്ഷക്ഷേമത്തിനായി നീക്കിവെച്ചത് ; വയനാട് ജില്ലയിൽ നടപ്പിലാക്കുന്ന എം.എസ്.ഡി.പിക്കല്ലാതെ ന്യൂനപക്ഷക്ഷേമത്തിനായി എത്ര തുകയാണ് മുൻസർക്കാ രിന്റെ കാലത്ത് പ്ലാൻ സ്കീം നടപ്പിലാക്കാൻ ബജറ്റിൽ നീക്കിവെച്ചിരുന്നത് ?

(ബി) 2012–13 വർഷം മുതലാണ് വകുപ്പിന് പ്ലാൻഫണ്ട് അനുവദിച്ച് തുടങ്ങിയത്.

സെക്ഷൻ ഓഫീസർ